തങ്ങളുടെ സ്വൈരജീവിതം തടസ്സപ്പെടുത്തിയതിന് പത്രത്തിന്റെ പേരിൽ കേസ്സു കൊടുക്കുവാൻ ഷെർളിക്കും അവളുടെ കാമുകനും അവകാശമുണ്ട്. എത്ര പാവപ്പെട്ട പൗരനും ഉള്ളതാണ് സ്വൈരജീവിതാവകാശം (റൈററ് ടു പ്രൈവസി). അതു് ഇവിടെ നഗ്നമായി, വെറും രസത്തിനുവേണ്ടിയോ, പത്രപ്രചാരവർദ്ധനയ്ക്കുവേണ്ടിയോ ധ്വംസിക്കപ്പെട്ടിരിക്കുന്നു.

പക്ഷേ, ഇങ്ങനെ ഒരു അവകാശം തങ്ങൾക്കുണ്ടെന്നു് പാവപ്പെട്ടവരുണ്ടോ അറിയുന്നു? അതിനാൽ, മനുഷ്യതാല്പര്യകഥകൾക്ക് ഇവിടെ ഒരു ക്ഷാമവുമില്ല. പത്രങ്ങളുടെ ഭാഗ്യം! വായനക്കാരുടെയും!

(24 ഡിസംബർ, 1983)

## 86. ശോഭനാ–പ്രശ്നങ്ങൾ

കണ്ണൂർ ജില്ലയിൽ കണ്ണപുരം എന്ന പ്രദേശത്തു പാർക്കുന്ന ഒരു കല്പണിക്കാരനാണ് കരുണൻ. കരുണന്റെ ഭാര്യ ശോഭനയുടെ രണ്ടാമത്തെ പ്രസവം നടന്നിട്ട് ആറു മാസമേ ആയുള്ളു. തക്കസമയത്തു് ശോഭനയ്ക്ക് ആർത്തവം ഉണ്ടായിക്കാണായ്കയാൽ, വീണ്ടും ഗർഭമായോ എന്നു സംശയിച്ച്, കരുണനും ശോഭനയും 1983 നവംബർ 10–ാം തീയതി പാപ്പിനിശ്ശേരിയിലുള്ള സർക്കാർ പ്രൈമറി ഹെൽത്ത് സെൻററിലെ ഡോ. പി. വി. കണ്ണൻ എന്ന സ്ത്രീരോഗവിദഗ്ദ്ധനെ (ഗൈനക്കോളജിസ്റ്റ്) സമീപിച്ചു. ഗർഭമുണ്ടോ എന്നു പരിശോധിക്കാനായി, കൃത്രിമ സ്ത്രീ ഹോർമോണുകൾ അടങ്ങിയതും, മററു പല രാജ്യങ്ങളിലും നിരോധിക്കപ്പെട്ടതുമായ 'സൈക്ലൈനോം' എന്ന ഗുളിക കഴിക്കാൻ ഡോക്ടർ കണ്ണൻ ശോഭനയെ ഉപദേശിച്ചു. പത്തു ദിവസത്തിനകം ആർത്തവം ഉണ്ടായില്ലെങ്കിൽ വീണ്ടും തന്നെ വന്നു കാണണമെന്നും ഡോക്ടർ രോഗിയോടു നിർദ്ദേശിച്ചു. ആർത്തവം ഉണ്ടായിക്കാണായ്കയാൽ ശോഭന നവംബർ 21–ാം തീയതി ഡോക്ടറെ പിന്നെയും ചെന്നു കണ്ടു. 'ഡി ആൻഡ് സി' എന്നറിയപ്പെടുന്ന ലഘുശസ്ത്രക്രിയ ഡോക്ടർ അന്നു് ശോഭനയിൽ നടത്തി. എന്നാൽ, ആശുപത്രിരേഖകളിൽ ചേർത്തതു്, ഗർഭനിരോധോപകരണങ്ങൾ പരാജയപ്പെട്ടതിനാൽ ഉണ്ടായ ഗർഭം അവസാനിപ്പിക്കുന്നതിന് എം. ടി. പി. എന്ന ശസ്ത്രക്രിയ ചെയ്തു എന്നായിരുന്നു. ഇത്തരം ശസ്ത്രക്രിയ നടത്തുംമുമ്പ് ഡോക്ടർ ചെയ്യേണ്ട, സമ്മതപത്രം ഒപ്പിട്ടു വാങ്ങുക എന്ന ചടങ്ങ് ഇവിടെ ഉണ്ടായില്ല. സർക്കാർ ആശുപത്രിയിൽ സർക്കാർ ഡോക്ടർ നടത്തിയ ശസ്ത്രക്രിയയ്ക്ക് 125 രൂപ ഫീസ് വാങ്ങി എന്നും ആരോപണമുണ്ട്. ഏതായാലും ശസ്ത്രക്രിയ നടത്തി നാല്പത്തഞ്ചു മിനിററിനകം ഡോക്ടർ രോഗിണിയെ വീട്ടിലേക്ക് അയച്ചു.

രണ്ടു ദിവസം കഴിഞ്ഞു്, നവംബർ 23–ാം തീയതി കഠിനമായ വയറുവേദനയോടെ ശോഭന പിന്നെയും ഡോക്ടർ കണ്ണനെ സമീപിച്ചു. ഡോക്ടർ ഏതാനും ആൻറി ബയോട്ടിക് മരുന്നുകൾ (വേദനാസംഹാരികളെന്നു് മററൊരു പക്ഷം) കൊടുത്തു് രോഗിണിയെ പറഞ്ഞയച്ചു.

വേദനയ്ക്കു കുറവില്ലായ്കയാൽ നവംബർ 25–ാം തീയതി ശോഭന ഒരിക്കൽക്കൂടി ഡോ. കണ്ണന്റെ അടുത്തെത്തി. ഇത്തവണ ഡോക്ടർ കണ്ണൻ രോഗിണിയെ കണ്ണൂർ ജില്ലാ ആശുപത്രിയിലെ ഡോക്ടർ കോശി എന്ന ശസ്ത്രക്രിയാവിദഗ്ദ്ധന്റെ അടുത്തേക്ക് അയച്ചു. അന്നു സന്ധ്യയ്ക്ക് തന്റെ വീട്ടിൽവെച്ച് ഡോക്ടർ കോശി ശോഭനയെ പരി

ശോധിച്ചു. ഉടൻ ശസ്ത്രക്രിയ നടത്തേണ്ട ആവശ്യം ഡോക്ടർ കോഷി കണ്ടില്ല. 'ഒരു സ്ത്രീരോഗവിദഗ്ധനെ കാണിക്കുക' എന്ന കുറിപ്പോടെ കോഷി ശോഭനയെ തിരികെ അയച്ചു. താൻ അവളെ ജില്ലാ ആശുപത്രിയിലേക്കാണ് അയച്ചതെന്ന് ഡോക്ടർ കോഷി പറയുന്നുണ്ടെങ്കിലും, കുറിപ്പിൽ ആ വിവരം ഇല്ല. പരിശോധിച്ചതിനു 15 രൂപ പ്രതിഫലം രോഗിണിയിൽനിന്ന് ഡോക്ടർ കോഷി വസൂലാക്കിയെന്നും പറയപ്പെടുന്നു.

ശോഭന പോയതു് സർക്കാർവക ജില്ലാ ആശുപത്രിയിലേക്കല്ല, കണ്ണൂരിൽത്തന്നെയുള്ള ഒരു പ്രൈവററ് ആശുപത്രിയിലേക്കാണ്. അവിടത്തെ ശസ്ത്രക്രിയാവിദഗ്ദ്ധനും സ്ത്രീരോഗവിദഗ്ദ്ധനും രോഗിണിയെ പരിശോധിച്ചു; ഉടൻ ശസ്ത്രക്രിയ നടത്തേണ്ടതില്ലെന്നു തീരുമാനിക്കുകയുംചെയ്തു. പിറേറന്ന് രോഗണിയെ ഈ ആശുപത്രിയിൽനിന്നു വിട്ടയച്ചു (വിട്ടയച്ചതോ, രോഗിണി സ്വയം വിട്ടുവന്നതോ എന്നു തർക്കമുണ്ട്). ഏതായാലും അന്ന് ഉച്ചയ്ക്ക് കണ്ണൂർ ജില്ലാ ആശുപത്രിയിൽ 'ആപത്കരമാംവിധം രോഗബാധിത'യെന്ന കുറിപ്പോടെ ശോഭന പ്രവേശിപ്പിക്കപ്പെട്ടു. ഡോക്ടർ കോഷി ജോലി ചെയ്യുന്നതു് ഇവിടെയാണ്. പക്ഷേ, അദ്ദേഹം അന്ന് ആശുപത്രിയിൽ വന്നിരുന്നില്ല. ശോഭനയെ ആശുപത്രിയിൽ ചേർത്ത സ്ത്രീരോഗവിദഗ്ദ്ധൻ ഡോക്ടർ കോഷിയെ സമീപിച്ചപ്പോൾ, ഉടൻ ശസ്ത്രക്രിയ നടത്തേണ്ടതില്ലെന്നാണ് ആ ശസ്ത്രക്രിയാവിദഗ്ദ്ധൻ പറഞ്ഞതു്. അപ്പോഴേക്കും രോഗിണിയുടെ അടിവയർ നീരു വന്നു വീർത്തിരുന്നു. അവൾക്കു മൂത്രതടസ്സവും ഉണ്ടായിരുന്നു.

പിറേറന്ന് (നവംബർ 26)രാവിലെ 11 മണിക്ക് ശോഭനയെ അവളുടെ ബന്ധുക്കൾ കണ്ണൂർ ജില്ലാ ആശുപത്രിയിൽനിന്നു വിടുവിച്ച് കോഴിക്കോടു മെഡിക്കൽകോളേജ് ആശുപത്രിയിലേക്കു കൊണ്ടുപോയി. നവംബർ 27—ാം തീയതി വെളുപ്പിനു രണ്ടുമണിക്ക് ശോഭനയെ കോഴിക്കോട്ട് മെഡിക്കൽകോളേജ് ആശുപത്രിയിൽ ചേർത്തു. രാവിലെ ആറുമണിക്ക് ഒരു അസോസ്യേററ് പ്രൊഫസ്സറുടെ നേതൃത്വത്തിൽ ഒരു സംഘം ഡോക്ടർമാർ അവളെ ശസ്ത്രക്രിയയ്ക്കു വിധേയയാക്കി. 'ഡി ആൻഡ് സി' എന്ന ശസ്ത്രക്രിയയ്ക്ക് ഉപയോഗിക്കുന്ന 'ക്യൂറെററ്' എന്ന ആയുധം തട്ടി അവളുടെ ഗർഭപാത്രം തുളയുകയും, കുടലിൽ രണ്ടു സ്ഥലത്തു മുറിവേല്ക്കുകയുംചെയ്തിരുന്നതായി ഈ ശസ്ത്രക്രിയയിൽ വെളിപ്പെട്ടുവത്രേ. മൂത്രം എടുക്കാൻ ഉപയോഗിക്കുന്ന 'കതീററർ' എന്ന കുഴലിന്റെ ഒരു കഷണം അവളുടെ ഗർഭപാത്രത്തിൽനിന്നു കിട്ടി എന്നും പറയപ്പെടുന്നു. ശോഭനയ്ക്കു ഗർഭമുണ്ടായിരുന്നില്ലെന്നും വെളിപ്പെട്ടുവത്രേ.

ഒമ്പതു ദിവസം കഴിഞ്ഞു്, ഡിസംബർ 6—ാം തീയതി, കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽവെച്ച് ശോഭന മരിച്ചു. ഗർഭിണിയല്ലാതിരുന്ന ശോഭനയുടെമേൽ ഡോക്ടർ കണ്ണൻ നടത്തിയ ശസ്ത്രക്രിയമൂലമാണ് അവൾ മരിച്ചതെന്നു കാണിച്ച് ഒരു പരാതി അന്നുതന്നെ ശോഭനയുടെ സഹോദരൻ ശ്രീധരൻ കണ്ണപുരം പോലീസ് സ്റ്റേഷനിൽ കൊടുത്തു. പോലീസ് നടത്തിയ വിചാരണയ്ക്ക് (ഇൻക്വസ്റ്റ്)ശേഷം, പ്രക്ഷുബ്ധരായ നാട്ടുകാരുടെ സാന്നിദ്ധ്യത്തിൽ ശോഭനയുടെ ശവശരീരം സംസ്കരിക്കുകയുംചെയ്തു.

ശോഭനയുടെ വീടു നില്ക്കുന്ന കണ്ണപുരം അഴീക്കോട് നിയോജകമണ്ഡലത്തിലും, അവൾ ശസ്ത്രക്രിയയ്ക്കു വിധേയയായ പ്രൈമറി ഹെൽത്ത് സെൻറർ നിലകൊള്ളുന്ന പാപ്പിനിശ്ശേരി പയ്യന്നൂർ നിയോജകമണ്ഡലത്തിലും പെടുന്നു. രണ്ടും മാർക്സിസ്റ്റ് സ്വാധീനകേന്ദ്രങ്ങളാണ്. ശോഭനയുടെ മരണത്തെപ്പററി ഒരു അന്വേഷണം നടത്തുന്നതിനു സർക്കാരിനെ

നിർബന്ധിക്കാനും, ശോഭനയുടെ കുടുംബാംഗങ്ങൾക്ക നഷ്ടപരിഹാരം നേടിക്കൊടുക്കാനും വേണ്ടി പ്രക്ഷോഭണം നടത്തുന്നതിനു്, കണ്ണപുരത്തെ ഒരു മാർക്സിസ്റ്റ് പ്രവത്തകൻെറ നേതൃത്വത്തിൽ ഒരു ആക്ഷൻ കമ്മിററി സംഘടിപ്പിക്കപ്പെട്ടു. കോൺഗ്രസ് (ഐ) പ്രവർത്തകർ ഈ കമ്മിററിയുമായി സഹകരിച്ചില്ല. പ്രക്ഷോഭണം ശക്തിയായി നടന്നിട്ടും സർക്കാർ അനങ്ങിയുമില്ല. ഒടുവിൽ, കണ്ണൂരിലെ ജില്ലാ മെഡിക്കൽ ആഫീസറുടെ ആഫീസിനു മുമ്പിൽ നടന്ന ഒരു 'ബഹുജനധർണ'യോടെ പ്രക്ഷോഭണം പെട്ടെന്നു കെട്ടടങ്ങി. ഡോക്ടർ കണ്ണൻ പതിനാറായിരം രൂപ ഒരു ബാങ്ക് ഡ്രാഫ്ററായി ശോഭനയുടെ ബന്ധുക്കൾക്ക നഷ്ടപരിഹാരം നല്കി എന്നു പറയപ്പെടുന്നു. പകരം ആക്ഷൻ കമ്മിററിയും ശോഭനയുടെ ബന്ധുക്കളും തങ്ങളുടെ പരാതികളെല്ലാം പിൻവലിച്ചു. നഷ്ടപരിഹാരത്തുക, ശോഭനയുടെ മക്കളുടെ പേരിൽ, പാപ്പിനിശ്ശേരി സർവീസ് കോ—ഓപ്പറേററീവ് ബാങ്കിൽ നിക്ഷേപിക്കപ്പെട്ടു.

മാർക്സിസ്റ്റ് നേതൃത്വത്തിലുള്ള ആക്ഷൻ കമ്മിററി പിൻവാങ്ങിയപ്പോൾ കോൺഗ്രസ് (ഐ) പ്രവർത്തകർ രംഗത്തുവന്നു. മാർക്സിസ്റ്റ് നേതാവായ ശ്രീ എം. വി. രാഘവൻ ഡോക്ടർ കണ്ണൻെറ സുഹൃത്തായതുകൊണ്ടാണു ആക്ഷൻ കമ്മിററി പ്രവർത്തനം അവസാനിപ്പിച്ചിരുന്നതെന്നായിരുന്നു അവരുടെ ആരോപണം. കോൺഗ്രസ്സുകാരുടെ പ്രക്ഷോഭണങ്ങൾക്ക സർക്കാർ അനുകൂലമായ പ്രതികരണം പെട്ടെന്നു നല്കി. ശോഭന മരിച്ചു മൂന്നുമാസത്തിനുശേഷം, മാർച്ച് 3—ാം തീയതി ഡോക്ടർ കണ്ണനേയും ഡോക്ടർ കോഷിയേയും പോലീസ് അറസ്റ്റ്ചെയ്തു. ഇതിനകം ഈ കേസ് കണ്ണപുരം പോലീസ് സ്റ്റേഷനിൽനിന്നു വളപട്ടണം പോലീസ് സ്റ്റേഷനിലേക്ക മാററിയിരുന്നു. ഒരു ഐ. പി. എസ്. കാരനായ ഡി. എസ്. പി. ശ്രീ. ആർ. എൻ. രവി കേസ്സിൻെറ അന്വേഷണം ഏറെറടുത്തു. രണ്ടു ഡോക്ടർമാരേയും വളപട്ടണം പോലീസ് സ്റ്റേഷനിൽ വരുത്തിയാണ് അറസ്റ്റ്ചെയ്തതു്. അന്നു രാത്രി അവരെ സ്റ്റേഷനിൽ പാർപ്പിച്ചു. പിറേറന്നു് കണ്ണൂരിലുള്ള മജിസ്ട്രേററിൻെറ മുമ്പിൽ അവരെ ഹാജരാക്കി. മജിസ്ട്രേററ് അവരെ ജുഡീഷ്യൽ കസ്റ്റഡിയിൽ വെക്കാൻ ഉത്തരവിട്ടു. മാർച്ച് 4—ാം തീയതി വൈകന്നേരം താല്കാലിക ജാമ്യത്തിൽ വിടുംവരെ അവരെ കണ്ണൂർ ജയിലിലുള്ള ആശുപത്രിയിൽ പാർപ്പിച്ചു. ഇവിടത്തെ ഡോക്ടർമാർ ഇവർക്ക് വി. ഐ. പി. സ്വീകരണം നൽകിയതായി പോലീസും, പോലീസ് തങ്ങളോടു സാധാരണ ക്രിമിനൽ പുള്ളികളോടെന്നപോലെ പെരുമാറിയതായി അറസ്റ്റ് ചെയ്യപ്പെട്ട ഡോക്ടർമാരും പറയുന്നു. സ്ഥിരം ജാമ്യത്തിനുള്ള പ്രതികളുടെ അപേക്ഷ തലശ്ശേരിയിലെ സെഷൻസ് കോടതി നിഷേധിച്ചു.

മാർച്ച് 16—ാം തീയതി കേരള ഹൈക്കോടതി ഡോക്ടർ കണ്ണനും ഡോക്ടർ കോഷിക്കും ജാമ്യം അനുവദിച്ചു. ഡോ. കണ്ണൻ പതിനായിരം രൂപ കെട്ടിവയ്ക്കുകയും അത്രയും തുകയ്ക്കു രണ്ടു ജാമ്യക്കാരെ ഹാജരാക്കുകയും വേണം. അദ്ദേഹം പാപ്പിനിശ്ശേരി പഞ്ചായത്തതിർത്തിയിലോ കോഴിക്കോട് മെഡിക്കൽ കോളേജ് കാമ്പസിലോ കടന്നുകൂടാ. ഡോക്ടർ കോഷി കണ്ണൂർ മുനിസിപ്പാലിററിക്കകത്തു പ്രവേശിച്ചുകൂടാ. കുററകരമായ മനുഷ്യഹത്യവരെയുള്ള ഏതാനും കുററങ്ങളാണ് രണ്ടു ഡോക്ടർമാരുടെ പേരിലും ആരോപിക്കപ്പെട്ടിട്ടുള്ളതു്.

രണ്ടു സീനിയർ ഡോക്ടർമാരോടു് പോലീസ് പെരുമാറിയ വിധത്തിൽ കേരളത്തിലെ സർക്കാർ സർവീസിലുള്ള ഡോക്ടർമാർ വ്യാപകമായി പ്രതികരിക്കുകയുണ്ടായി. ഗർഭനിരോധ ശസ്ത്രക്രിയ പൂർണ്ണ

മായും ബഹിഷ്കരിക്കുന്നതുവരെ ചെന്നെത്തി അവരുടെ പ്രതിഷേധം. ഇപ്പോൾ ഈ പ്രതിഷേധം കെട്ടടങ്ങിയിരിക്കുകയാണ്.

ശോഭനയുടെ മരണം പല പ്രശ്നങ്ങളും ഉന്നയിക്കുന്നുണ്ട്.

ആദ്യത്തെ പ്രശ്നം 'മെഡിക്കൽ എത്തിക്സ്' (വൈദ്യശാസ്ത്രജ്ഞന്മാരുടെ സദാചാരസംഹിത) സംബന്ധിച്ചതാണ്. സർക്കാർ സ്ഥാപനങ്ങളിലെ ചില ഡോക്ടർമാർ എത്ര ലാഘവബുദ്ധിയോടെയും ഉത്തരവാദിത്തബോധമില്ലാതെയുമാണ രോഗികളോട് പെരുമാറുന്നത് എന്ന് അറിയാത്തവരില്ല. തങ്ങൾ ഔദ്യോഗികമായി നിർവഹിക്കുന്ന ചുമതലയുടെ പേരിൽ പല സർക്കാർ ഡോക്ടർമാരും കോഴ വാങ്ങുന്നതായും പരാതികൾ ഉണ്ട്. ഇതു നിമിത്തം സർക്കാർ സ്ഥാപനങ്ങളിൽ രോഗികൾക്കു വിശ്വാസം നശിച്ചിരിക്കുന്നു. കഴിവുള്ളവരെല്ലാം സ്വകാര്യ മെഡിക്കൽ സ്ഥാപനങ്ങളിൽ അഭയം തേടുന്നു. പക്ഷേ, സ്വകാര്യസ്ഥാപനങ്ങളുടെ സ്ഥിതിയും വ്യത്യസ്തമാണോ? ചുരുക്കത്തിൽ ആധുനിക ചികിത്സാസംവിധാനം രോഗികൾക്ക് ആശ്വാസം നല്കുന്നുണ്ടോ? അതോ മഹാത്മാഗാന്ധി പറഞ്ഞപോലെ, മനുഷ്യദുഃഖങ്ങളെ ചൂഷണം ചെയ്ത് ഏതാനും പേർക്ക പണക്കാരാവുന്നതിനുള്ള ഒരു 'ചെകുത്താൻ വ്യവസ്ഥ'യായി അതു നമ്മുടെ നാട്ടിൽ അധഃപതിച്ചിരിക്കുകയാണോ?

ശോഭനയുടെ മരണം ഉയർത്തുന്ന രണ്ടാമത്തെ പ്രശ്നം 'പൊളിററിക്കൽ എത്തിക്സ്' (രാഷ്ട്രീയപ്രവർത്തകരുടെ സദാചാരസംഹിത) സംബന്ധിച്ചതാണ്. ഡോക്ടർമാരെപ്പോലെയുള്ള സർക്കാർ ഉദ്യോഗസ്ഥന്മാരിൽനിന്നു രാഷ്ട്രീയപ്പാർട്ടികൾ നടത്തുന്ന നിർബന്ധപ്പിരിവുകളുടെ ചില വിവരങ്ങൾ ഈ കേസ്സിലൂടെ പുറത്തുവന്നിട്ടുണ്ട്. രാഷ്ട്രീയപ്പാർട്ടികളുടെ (ഏതെങ്കിലും രാഷ്ട്രീയപ്പാർട്ടികളുടെ പോരാ, 'ശരിയായ' രാഷ്ട്രീയപ്പാർട്ടികളുടെ) പിന്തുണയില്ലാതെ സ്വാഭാവികമായ നീതി ലഭിക്കുക പൗരന്മാർക്ക് അസാദ്ധ്യമായിരിക്കുന്നു എന്ന വസ്തുത ഈ കേസ്സും അടിവരയിട്ടു കാണിക്കുന്നു. പാർട്ടിയെക്കൊണ്ടു പ്രവർത്തിപ്പിക്കാനും, പ്രവർത്തനം അവസാനിപ്പിക്കാനും, ശരിയായ നേതാവിനെ പിടിക്കേണ്ടതു് എങ്ങനെ എന്നതിനും ഈ സംഭവപരമ്പര ഉദാഹരണം നല്കുന്നുണ്ട്.

ശോഭനയുടെ മരണവുമായി ബന്ധപ്പെട്ട മൂന്നാമത്തെ പ്രശ്നം സാങ്കേതികമാകുന്നു. ശോഭനയ്ക്ക് ആദ്യം നൽകപ്പെട്ട 'സൈക്ലെനോം' എന്ന സ്ത്രീഹോർമോണുകൾ അടങ്ങിയ ഗുളിക ആപല്ക്കരമായ ഒരു ഔഷധമാണ്. ഈ മരുന്നും, ഈ ഇനത്തിൽപ്പെട്ട മററു മരുന്നുകളും ആസ്ത്രേലിയ, അമേരിക്ക, ജർമനി, ഫ്രാൻസ്, ബെൽജിയം, ഫിൻലാൻഡ്, സിംഗപ്പൂർ മുതലായ പല രാജ്യങ്ങളിലും നിരോധിക്കപ്പെട്ടവയാകുന്നു. ഇവ ഉല്പാദിപ്പിക്കുന്ന ബഹുരാഷ്ട്രക്കുത്തക കമ്പനികളുടെ സ്വാധീനത്തിനു വഴങ്ങിയാണ് ഇന്ത്യാഗവണ്മെൻറ് ഇത്തരം ഔഷധങ്ങൾ ഇന്ത്യയിൽ നിരോധിക്കാത്തതെന്ന് ആരോപണമുണ്ട്. ഗർഭകാലത്തു് ഉപയോഗിച്ചാൽ (ഗർഭം ഉണ്ടോ എന്നു പരീക്ഷിക്കാനാണ് ഈ ഔഷധങ്ങൾ കൊടുക്കുന്നതു്; ആ ഉപയോഗം ഈ ഔഷധങ്ങൾക്കില്ലെന്നും പറയപ്പെടുന്നു). കുട്ടികൾക്ക് മുയൽച്ചുണ്ടുപോലുള്ള വൈരൂപ്യങ്ങൾ ഉണ്ടാക്കാനിടയുള്ള ഈ ഔഷധങ്ങൾ, അവയുടെ ദോഷഫലങ്ങൾ അറിയാതെ, അഥവാ അറിഞ്ഞിട്ടും ഗണ്യമാക്കാതെ, ഔഷധവില്പനക്കാരുടെ (മെഡിക്കൽ റെപ്രസെൻേററീവുകളുടെ) വായ്പാട്ടിലും അവർ നൽകുന്ന ലഘുസമ്മാനങ്ങളിലും (ചിലപ്പോൾ ഇവ 'ബൃഹൽ' സമ്മാനങ്ങളുമാവാറുണ്ട്) മയങ്ങി നമ്മുടെ ഡോക്ടർമാർ ഒരു വീണ്ടുവിചാരവുമില്ലാതെ രോഗികൾക്കു നൽകുന്നു. ഏതായാലും 'സൈക്ലെനോം'പോലുള്ള മരുന്നുകളുടെ ദോഷം ഇന്ത്യയിൽ വ്യാപകമായി ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതാണ്. മദ്രാസിലെ ഡോക്ടർ പളനിയപ്പൻ ഇതു സംബന്ധിച്ച് നടത്തിയ ഗവേഷണങ്ങൾ

പരക്കെ പ്രസിദ്ധി നേടിയിട്ടുണ്ട്. പക്ഷേ, നമ്മുടെ മിക്ക ഡോക്ടർമാർക്കും, മെഡിക്കൽകോളേജ് വിട്ടശേഷം, വല്ലതും വായിക്കാൻ സമയമുണ്ടോ? ഡോക്ടർമാരുടെ 'പഠനാനന്തര—മെഡിക്കൽ—നിരക്ഷരത' എന്ന പ്രശ്നവും അങ്ങനെ ഇവിടെ പൊന്തിവരുന്നു.

ശോഭനാക്കേസ്സിൽനിന്ന് ഉത്ഭവിക്കുന്ന നാലാമത്തെ പ്രശ്നം ജേർണലിസ്റ്റിക് എത്തിക്സ്' (പത്രപ്രവർത്തകരുടെ സദാചാരസംഹിത) സംബന്ധിച്ചതാണ്. കൂടുതൽ വായനക്കാരെ ആകർഷിക്കുന്നതിനുവേണ്ടി എന്തും 'പ്രമാദം' (സെൻസേഷണൽ) ആക്കി അവതരിപ്പിക്കുന്നതിൽ നമ്മുടെ വാരികകളും അവയെത്തുടർന്ന് ദിനപ്പത്രങ്ങളും, ഇപ്പോൾ പരസ്പരം മത്സരിക്കുകയാണല്ലോ. പത്രപ്രവർത്തനരംഗത്തുള്ളതുപോലെ തീവ്രമായ 'കഴുത്തറുപ്പൻ മത്സരം' കേരളത്തിൽ മറ്റേതെങ്കിലും ബഹുജന ജീവിതരംഗത്തു് ഉണ്ടോ എന്നു സംശയമാണ്.

പത്രപ്രവർത്തനത്തിന്റെ ന്യായസംഗതമായ ഒരു മണ്ഡലമാണ് 'ക്രൈം റിപ്പോർട്ടിങ്' .പക്ഷേ,കുററം നടന്നശേഷം പോലീസ് തെളിവുകൾ ശേഖരിച്ചുകൊണ്ടിരിക്കുന്ന ആദ്യദിവസങ്ങളിൽ പത്രപ്രവർത്തകർ കുററത്തിന്റെ സ്വഭാവവും പശ്ചാത്തലവും വിവരിക്കുന്നതിൽ കാണിക്കുന്ന അതിരുകവിഞ്ഞ ശുഷ്കാന്തി, പലപ്പോഴും പോലീസ് അന്വേഷണങ്ങൾ തടസ്സപ്പെടുത്താനും കുററവാളികളെ രക്ഷപ്പെടുത്താനും കാരണമാകാറുണ്ട്. ശോഭനാക്കേസ്സിലെ പ്രതികൾക്ക് ജാമ്യമനുവദിച്ചുകൊണ്ട് കേരള ഹൈക്കോടതിയിലെ ജസ്റ്റിസ് ശ്രീ യു. എൽ. ഭട്ട് ചെയ്ത ചില പരാമർശങ്ങൾ എല്ലാ പത്രപ്രവർത്തകരും ശ്രദ്ധിച്ചു വായിക്കുകയും ഗാഢമായി മനനം ചെയ്യുകയും വേണ്ടതാണ്. മാർച്ച് 17—ലെ 'ഹിന്ദു'വിൽനിന്ന് ഉദ്ധരിക്കാം.

'അടുത്ത കാലത്തായി കുററങ്ങൾ സംബന്ധിച്ച കേസ്സുകൾക്കും പോലീസ് അന്വേഷണങ്ങൾക്കും പത്രങ്ങൾ നൽകിവരുന്ന വമ്പിച്ച പ്രസിദ്ധീകരണത്തിൽ ജസ്റ്റിസ് ഭട്ട് അതൃപ്തി പ്രകടിപ്പിച്ചു. ക്രിമിനൽ കേസ്സുകളിൽ വിധി പ്രസ്താവിക്കേണ്ടതു് കോടതികളുടെ ചുമതലയാണ്. പൊതുജനനന്മയുടെ പേരിൽ ആ കർത്തവ്യം ഏറെറടുക്കാൻ പത്രങ്ങൾക്കു യാതൊരു ബാദ്ധ്യതയുമില്ല.

'ആരോപണവിധേയരായ വ്യക്തികൾക്കു സ്വതന്ത്രവും ന്യായവുമായ വിചാരണ ലഭിക്കണമെന്ന കാര്യത്തിൽ ഭരണഘടനയ്ക്കു വളരെയധികം ശുഷ്കാന്തിയുണ്ട്. എന്നാൽ, ജുഡീഷ്യറിയെ അതിന്റെ കർത്തവ്യം നിർവഹിക്കുന്ന അവസരത്തിൽ അലോസരപ്പെടുത്തുമാറു് മുമ്പിലുള്ള തെളിവുകൾവെച്ചു മാത്രം ഒരു തീരുമാനമെടുക്കാൻ അതിനുള്ള കഴിവു് ഇല്ലാതാക്കുന്ന വിധത്തിലുമാണ് പത്രങ്ങൾ പെരുമാറുന്നതെങ്കിൽ, ശരിയായ വിധത്തിൽ പ്രവർത്തിക്കുക ജുഡീഷ്യറിക്ക് അസാദ്ധ്യമായിത്തീരും.

'വിചാരണ നീതിയുക്തമായിരിക്കുമെന്ന് ഉറപ്പു വരുത്തുന്നതിനുള്ള ഒരു മാർഗമാണ് വിചാരണയ്ക്കു പ്രസിദ്ധീകരണം നൽകുകയെന്നതിൽ സംശയമൊന്നുമില്ല. മുൻ ധാരണകളിൽനിന്നും പക്ഷപാതങ്ങളിൽനിന്നും ജഡ്ജി ശ്രദ്ധാപൂർവം വിട്ടുനിൽക്കുമെന്നതിനു് ഈ പ്രസിദ്ധീകരണം ഉറപ്പു നൽകുന്നു. പക്ഷേ, കേസ്സുകൾക്കു നൽകപ്പെടുന്ന അമിതമായ പ്രസിദ്ധീകരണം, വിചാരണയിൽ പക്ഷപാതം കടന്നുകൂടുന്നതിനു് ഇടവരുത്തിയേക്കാം. ഈ പ്രസിദ്ധീകരണംമൂലം, വിചാരണ ചെയ്യപ്പെടുന്ന വ്യക്തികളോടു് ജനങ്ങൾക്കു വിദ്വേഷം ഉളവാകുന്നു. ഇതു്, അറിഞ്ഞോ അറിയാതെയോ കോടതിയുടെമേൽ സമ്മർദം വർദ്ധിച്ചുവരുന്നതിനു് കാരണമായിത്തീരുകയും ചെയ്യുന്നു.

'നമ്മുടെ നാട്ടിൽ ജൂറിമാരല്ല, നിയമത്തിൽ ശിക്ഷണം നേടിയ

ജഡ്ജിമാരാണ വിചാരണ നടത്തുന്നതു്. എങ്കിലും, മുൻപറഞ്ഞ വസ്തുതകൾ ഈ നാട്ടിലും പ്രസക്തങ്ങളല്ലാതാവുന്നില്ല. ഇത്തരം അമിതപ്രസിദ്ധീകരണം, കോടതിയിൽ ഹാജരാവുന്നതിൽനിന്നോ, ഹാജരായാൽ ത്തന്നെ സത്യം പറയുന്നതിൽനിന്നോ സാക്ഷികളെ തടഞ്ഞുവെന്നുവരാം. ഉചിതവും നീതിയുക്തവും സത്യസന്ധവുമായ കേസന്വേഷണത്തെയും ഈ അമിതപ്രസിദ്ധീകരണം ദോഷകരമായി ബാധിച്ചേക്കാം. ഇപ്പറഞ്ഞതു വിചാരണയ്ക്കുമുമ്പു്, കേസന്വേഷണം നടന്നുകൊണ്ടിരിക്കെ, നടത്തപ്പെടുന്ന പ്രസിദ്ധീകരണത്തിനും ബാധകമാണു്.

'കുറ്റങ്ങൾ, കേസന്വേഷണം, അറസ്റ്റ്, മുതലായവ സംബന്ധിച്ച വസ്തുതകൾ ജനങ്ങളെ അറിയിക്കേണ്ട ചുമതലയും അധികാരവും പത്രങ്ങൾക്കുണ്ടു്. എന്നാൽ, സാക്ഷികൾ, പ്രതികൾ, അന്വേഷണം നടത്തുന്ന പോലീസ് ഉദ്യോഗസ്ഥന്മാർ മുതലായവരുമായി അഭിമുഖസംഭാഷണം നടത്തി അത്യധികം വിശദാംശങ്ങളോടെ തയ്യാറാക്കപ്പെടുന്ന അമിത പ്രസിദ്ധീകരണം കേസിലടങ്ങിയ പ്രശ്നങ്ങൾ സംബന്ധിച്ച മുൻധാരണകൾ സൃഷ്ടിക്കപ്പെടാൻ കാരണമായിത്തീരുന്നു. ഈ പ്രശ്നങ്ങളിൽ തീരുമാനമെടുക്കേണ്ടതു്, അന്തിമ വിശകലനത്തിൽ കോടതികളാകുന്നു.'

ശോഭനയുടെ മരണത്തെത്തുടർന്നു് കോടതിയിൽ നടക്കുന്ന കേസിലെ വിധി ഏതുതരത്തിലായിരുന്നാലും, ഇവിടെ ഉന്നയിക്കപ്പെട്ട നാലു പ്രശ്നങ്ങളെപ്പറ്റി, വിദഗ്ദ്ധതലത്തിൽ ചർച്ചകൾ ഉണ്ടാകുന്നതു പ്രയോജനകരമായിരിക്കും. നാൾക്കുനാൾ ക്ഷയിച്ചുവരുന്ന നമ്മുടെ ജനാധിപത്യത്തിന്റെ ആരോഗ്യം പുനഃസ്ഥാപിക്കാൻ ഈ ചർച്ചകൾ സഹായകരമാകാതിരിക്കുകയില്ല.

(18 മാർച്ച്, 1984)

# 87. സേവനത്തുറകളിലെ നിലവാരത്തകർച്ച

ആപല്ക്കരമായ ഒരു പ്രതിസന്ധിയിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണു് ഇന്ത്യ എന്ന ബോധം ഇന്നു പരക്കെയുണ്ടു്. എന്നാൽ, ഈ പ്രതിസന്ധിയുടെ വിമകളെ(ഡൈമൻഷൻ)കുറിച്ചോ നിദാനങ്ങളെക്കുറിച്ചോ ഏറെക്കുറെ ഏകരൂപമായ ഒരു ദേശീയ ധാരണ ഉരുത്തിരിഞ്ഞുകഴിഞ്ഞിട്ടില്ല.

ഹിംസാത്മകമായ വിഘടനവാദത്തിന്റെ രൂപത്തിൽ ഈ പ്രതിസന്ധിയുടെ ദാരുണത പഞ്ചാബിലും ആസാമിലും നാം അനുഭവിച്ചുതുടങ്ങിയിട്ടു് കാലം കുറെയായി. പ്രതിസന്ധിഘട്ടങ്ങളിൽ മാത്രമല്ല, പ്രതിസന്ധിയൊന്നുമില്ലാത്ത സാധാരണ കാലഘട്ടങ്ങളിൽപ്പോലും ജനതയുടെ വിശ്വാസം നേടി നിലനിർത്തുന്നതിനുള്ള കഴിവു് നമ്മുടെ രാഷ്ട്രീയനേതൃത്വത്തിനു നഷ്ടപ്പെട്ടിരിക്കുകയാണു്. അധികാരതിമിരവും ധനലോഭവും കാമക്രോധങ്ങളും വ്യക്തികളെ എത്രമാത്രം അധഃപതിപ്പിക്കാമെന്നതിനു് ഉദാഹരണങ്ങൾ ഇന്ത്യയിലെ രാഷ്ട്രീയപ്പാർട്ടികളുടെ നേതാക്കൾക്കിടയിൽനിന്നു് ഇഷ്ടംപോലെ പെറുക്കിയെടുക്കാവുന്നതേയുള്ളു.

രാഷ്ട്രീയപ്പാർട്ടികൾ ദുഷിക്കുമ്പോൾ അവയുടെ നിയന്ത്രണത്തിലുള്ള സർക്കാർ ദുഷിക്കാതെ തരമില്ല. ഒരു വശത്തു് സർക്കാരിലുള്ള ചീഞ്ഞുനാറുന്ന അഴിമതിയും, മറുവശത്തു നിശ്ചിതകാര്യം നിശ്ചിത സമയത്തു നടത്തുന്നതിനുള്ള സർക്കാരിന്റെ കഴിവുകേടും, ജനങ്ങളെ